LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരുടെ സംരംഭകത്വശേഷി വികസനത്തിനുള്ള പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

പട്ടികവർഗ്ഗ യുവതീയുവാക്കളിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി അവർക്ക് പ്രത്യേക നൈപുണ്യ പരിശീലനം നൽകിയാണ് അവരുടെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. പ്രധാനമായും ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുവാനുള്ള പ്രചോദനമാണ് വകുപ്പ് നൽകി വരുന്നത്. ഗോത്രജീവിക എന്ന പേരിൽ കെട്ടിടനിർമ്മാണത്തിൽ പരിശീലനം നേടിയവരെ ഉൾപ്പെടുത്തി ചെറു നിർമ്മാണ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 53 സംഘങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ സംഘങ്ങളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് പൂർത്തിയാക്കിയവരെ ചേർത്ത് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിൽ റെസ്റ്റോറന്റുകൾ ആരംഭിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ആട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ പരിശീലനം നേടിയവരെ ചേർത്ത് ഇപ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതി പരിഗണനയിലാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനം

62 (368) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സുതാര്യമാക്കുന്നതിനും വേണ്ട പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനമായ DDFS (Digital Document Filing System) നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ അവലോകനം ചെയ്യുന്നതിനും പ്രസ്തുത പദ്ധതികളുടെ ഗുണം ആദിവാസി വിഭാഗത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഇവർ ജില്ലാ തലത്തിൽ നടത്തുന്ന പദ്ധതികൾ യഥാസമയം പരിശോധിച്ച് പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരുടെ അദ്ധ്യക്ഷതയിലും യഥാവിധി പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ സംവിധാനം നിലവിലുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലെ വീഴ്ച്കളും അഴിമതികളും അന്വേഷിക്കാൻ ഒരു സ്വതന്ത്ര അന്വേഷണ സംവിധാനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

കേന്ദ്രാവിഷ്കൃത പദ്ധതി

63 (369) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പിന് നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക ചെലവഴിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഈ പോരായ്മ പരിഹരിക്കുവാനും ഫണ്ട് ലാപ്സാകാതിരിക്കാനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി സംബന്ധിച്ച് സിവിൽ കേസ് നിലവിലുള്ളതിനാലും സൈറ്റ് മാറ്റുന്നതിനായി കേന്ദ്ര സർക്കാർ അനുമതി ലഭിക്കുവാൻ വൈകിയതിനാലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഭരണാനുമതി നൽകിയ പ്രവൃത്തികൾക്കെല്ലാം വർക്ക് ഓർഡർ നൽകുകയും ഏജൻസികൾ പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനായി നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈയിനത്തിൽ ലഭിച്ച ഫണ്ട് ലാപ്സാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly